# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 29.10.2022 മുതൽ 02.10.2022 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 86/2022 | തീയ്യതി: 28/10/2022 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 33.5 – 34.7 | 22.8 – 24.0 | 58.5 – 79.8 | 04 - 06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 29-10-2022 | 30-10-2022 | 31-10-2022 | 01-11-2022 | 02-11-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 0.1 | 0.1 | 2 | 1 | 2 |
| കൂടിയ താപനില, °C | 34 | 34 | 34 | 34 | 32 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 250 | 230 | 250 | 270 |
| മേഘ വിന്യാസം, ഒക്ടാ | 2 | 3 | 8 | 5 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ ലഭിക്കും **** | | |
| | ഇരുപത്തിനാലു മണിക്കൂറിൽ 15.5മില്ലി വരെ മാത്രം തീവ്രതയുള്ള ഒറ്റപ്പെട്ട ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യതയുണ്ട്. ഇടിയ്ക്കും മിന്നലിനും സാധ്യതയുണ്ട്. അടുത്ത രണ്ടാഴ്ചകളിലും ശരാശരി ( ആഴ്ചയിൽ 73 മില്ലി മീറ്റർ ) മഴ ലഭിക്കാൻ സാധ്യതയുണ്ട്. പ്രതി ദിന കൂടിയ ഊഷ്മാവ്, കുറഞ്ഞ ഊഷ്മാവ് എന്നിവ ശരാശരിയിൽ താഴെ ആയിരിക്കും. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. മഴയില്ലാത്ത ഇടവേളകളിൽ അധികരിച്ച ഉഷ്ണവും മഴ സമയത് ശരാശരിയിൽ താഴ്ന്ന ഊഷ്മാവും അനുഭവപ്പെടും | | |

| | | | |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | നിലവിലെ കാലാവസ്ഥ ശൈത്യകാല പച്ചക്കറി. കാലാതീത പച്ചക്കറി എന്നിവയുടെ കൃഷിക്ക് അനുയോജ്യമാണ്.<br><br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br><br>വാഴ പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും<br><br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക | | |
| രണ്ടാം വിള (മുണ്ടകൻ)പാടം തയ്യാറാക്കുന്ന സമയം | മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. മണ്ണ് പരിശോധന സാധ്യമായില്ല എങ്കിൽ പറിച്ചു നടുന്നതിനു രണ്ടാഴ്ച മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി നന്നായി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം.<br><br>പാടത്തെ വെള്ളവും പോഷകാംശങ്ങളും നഷ്ട്ടപെടാതിരിക്കാൻ ചുറ്റുമുള്ള വരമ്പുകളിലെ വിള്ളലും ദ്വാരങ്ങളും ചളി ഉപയോഗിച്ച് അടയ്ക്കുക. | | |
| പച്ചക്കറികൾ | തൈകൾ | മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br><br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും. | |
| നെല്ല് | ഞാറ്റടി/ തൈകൾ | ഓല ചുരുട്ടിപ്പുഴു<br> | മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |
| നെല്ല് | വിവിധ ഘട്ടം | കുഴൽ പുഴു<br> | കരി ഓയിലോ മണ്ണെണ്ണയോ മുക്കിയ ഒരു കയർ നെല്ലോലകളുടെ മുകളിലൂടെ വലിച്ചു പുഴുക്കളെ വെള്ളത്തിലേക്ക് തള്ളിയിട്ടു വെള്ളം വാർത്തു കളയുക. പാടത്തു വെള്ളം വാർത്തതിന് ശേഷം മണ്ണെണ്ണ 1 L / അറക്ക പൊടി/ 25 kg മണൽ ഒരേക്കറിലേക്ക് വിതറുക |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി  | നിയന്ത്രണ മാർഗങ്ങൾ:- നേർപ്പിച്ച ഇമിഡാക്ളോർപ്രിഡ് (1മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ലായനി ചെല്ലി തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക.<br>തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം  | രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ടിൽറ്റ് അല്ലെങ്കിൽ കോൺടാഫ് ഇവയിലേതെങ്കിലും 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |
| തക്കാളി | വളർച്ചാ ഘട്ടം | വാട്ടം  | റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക<br>അല്ലെങ്കിൽ<br>അകോമിൻ 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |

| | | | |
|---|---|---|---|
| ഇഞ്ചി, | വിവിധ ഘട്ടം | ഫ്യൂസേറിയം വാട്ടം  | നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. കോപ്പർ ഓക്സി ക്ലോറൈഡ് ഒരുലിറ്റർ വെള്ളത്തില് രണ്ടുഗ്രാം വീതം കലർത്തി തടത്തിൽ ഒഴിച്ച് കൊടുക്കുക |
| മഞ്ഞൾ | മഞ്ഞൾ ഇറങ്ങുന്ന സമയം | ഇല/മഞ്ഞൾ ചീച്ചൽ  | കാർബണ്ടാസിം ഒരുലിറ്റർ വെള്ളത്തില് രണ്ടുഗ്രാം വീതം കലർത്തി തളിക്കുക |
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക |
| റബ്ബർ | വിവിധ ഘട്ടം | കട ചീയൽ (Collar rot) | രോഗം ബാധിച്ച മരങ്ങൾ നശിപ്പിക്കുക. ചുറ്റുമുള്ള മരങ്ങളുടെ തടത്തിൽ 0.3% വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ് ലായനി കുതിർക്കുക. കൂടാതെ ഒരു കിലോ വീതം ഡോളമൈറ്റ് കൂടി തടത്തിൽ വിതറുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | | |
|---|---|---|---|---|
| **താക്കീത് (ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി